**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2538** **07-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിൽ ഇലക്ട്രിക് ചാർജിംഗ് പോയിന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജിംഗ് പോയിന്റ് സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ 4 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 141 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും നിർമ്മിക്കുന്നതിനുള്ള KSEBL-ന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതി നിർമ്മാണം അന്തിമ ഘട്ടത്തിൽ എത്തിയിരിക്കുന്നു. എല്ലാ ചാർജ്ജിംഗ് സ്റ്റേഷനുകളും ഒരു മാസത്തിനകം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാനാണ് ഉദ്ദേശി ക്കുന്നത് .<br><br>പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾ ക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ താഴെ പറയുന്ന 3 സ്ഥലങ്ങളിൽ സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം<br><br>കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി), ശംഖുമുഖം, തിരുവനന്തപുരം<br><br>ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം |
| (ബി) | ജില്ലയിൽ എത്ര ചാർജിംഗ് പോയിന്റുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട് എന്ന് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി.എൽ-ന്റെ പദ്ധതി പ്രകാരം ഉള്ളത്-<br><br>1.നേമം ഇലക്ട്രിക്കൽ സെക്ഷനിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ (നേമം മണ്ഡലം).<br><br>അനെർട്ടിന്റെ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ 3 സ്റ്റേഷനുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.<br><br>വട്ടിയൂർക്കാവ് നിയോജക മണ്ഡലം – ഒരെണ്ണം, തിരുവനന്തപുരം നിയോജക മണ്ഡലം – രണ്ട് |

| | | | |
|---|---|---|---|
| | | | എണ്ണം |
| (സി) | പാറശ്ശാല നിയോജകമണ്ഡലത്തിൽ ചാർജിംഗ് പോയിന്റുള്ള സ്ഥലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | പാറശ്ശാല നിയോജകമണ്ഡലത്തിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് താഴെ പറയുന്ന സ്ഥലങ്ങളിൽ ആണ്. ഈ പദ്ധതി ഒരു മാസത്തിനകം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു.<br>1. പുത്തൻകട<br>2. കൊല്ലയിൽ/ ധനുവച്ചപുരം<br>3.കുന്നത്തുകാൽ ജംഗ്ഷൻ<br>4. പെരുങ്കടവിള ജംഗ്ഷൻ<br>5. വെള്ളറട- കാരമൂട്.<br>6.മണ്ഡപത്തിൻ കടവ്. |
| (ഡി) | പാറശ്ശാല നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ചാർജിംഗ് പോയിന്റുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) | ഒരു മാസത്തിനകം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ